# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1900 06.07.2015-ൽ മറുപടിയ്ക്ക്**

**<u>മയക്കമരുന്ന് ഉപയോഗവും വിപണനവും</u>**

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ പി. കെ. ബഷീർ | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് മയക്കമരുന്ന് ഉപയോഗം വിപണനം എന്നിവ സംബന്ധിച്ച കേസുകൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ ;<br><br>(സി) മയക്കമരുന്ന് ഉപയോഗവും വിപണനവും തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (ബി)യും (സി) യും<br><br>മയക്കമരുന്ന് ഉപയോഗം, വിപണനം എന്നിവ നടത്തുന്നവർക്കെതിരെ നിലവിലുള്ള നിയമമനുസരിച്ച് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനായി സ്കൂളുകളിലും, കോളേജുകളിലും മയക്കമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി വഴി ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. കൂടാതെ മയക്കമരുന്ന് ഉപയോഗവും വിപണനവും നടത്തുന്നവരെക്കുറിച്ച് രഹസ്യ വിവരങ്ങൾ ശേഖരിക്കുന്നതിനും കുറ്റവാളികളെ കണ്ടുപിടിച്ച് നിയമത്തിനു മുമ്പിൽ കൊണ്ടുവരുന്നതിനും വേണ്ടി സ്കൂൾ തലത്തിൽ സജീവമായി പ്രവർത്തിക്കുന്ന എസ്.പി.സി., എസ്.പി.ജി എന്നിവയിലെ അംഗങ്ങളെ ബോധവത്ക്കരിച്ചിട്ടുണ്ട്. വ്യാപാര സ്ഥാപനങ്ങളും മറ്റും നിരീക്ഷിച്ചും റെയ്ഡുകൾ നടത്തിയും ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) മയക്ക മരുന്നുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഇന്റർനെറ്റ് സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ